പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4120 | 16.05.2017 ൽ മറുപടിക്ക്

## ട്രാഫിക് നിയമങ്ങൾ കൃത്യമായി നടപ്പിലാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നഗര പ്രദേശങ്ങളിൽ സ്ഥിരമായി അപകടം ഉണ്ടാകുന്ന സ്ഥലങ്ങളിൽ ട്രാഫിക് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; പരീക്ഷണാടിസ്ഥാനത്തിൽ ഇതിന് പ്രത്യേക സംഘത്തെ നിയമിക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും അപകടം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെയും ട്രാഫിക് വാർഡർമാരെയും ഹോംഗാർഡ്കാരെയും നിയോഗിക്കുകയും, മൊബൈൽ പട്രോൾ യൂണിറ്റുകളെ പ്രസ്തുത സ്ഥലത്ത് ക്യാമ്പ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെയും ലോക്കൽ പോലീസ് സ്റ്റേഷനിലെ മൊബൈൺ യൂണിറ്റുകളെയും ജനമൈത്രി ബീറ്റുകൾ പോകുന്ന പോലീസ് ഉദ്യോഗസ്ഥരെയും ഇതിലേക്ക് നിയമിച്ച് അയയ്ക്കാറുമുണ്ട്. |
| (ബി) | നിലവിൽ ട്രാഫിക് നിയന്ത്രിക്കാൻ ഉള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;വാഹന പരിശോധയിൽ ട്രാഫിക് റൂളുകൾ തെറ്റിക്കുന്നതായി കാണുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തുവാൻ നടപടി സ്വീകരിക്കുമോ; എല്ലാ പ്രധാന സ്ഥലങ്ങളിലും ഉദ്യോഗസ്ഥരെ നിയമിക്കുമോ; | (ബി) | സിഗ്നൽ സംവിധാനം, ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും ട്രാഫിക് വാർഡർമാരെയും ഉപയോഗിച്ചുള്ള (മാന്വൽ ആയിട്ടുള്ള) ഗതാഗത നിയന്ത്രണം എന്നിവ സ്വീകരിച്ചുവരുന്നു. ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ മോട്ടോർ വാഹനനിയമ പ്രകാരവും ഇന്ത്യൻ ശിക്ഷ നിയമപ്രകാരവും നടപടി സ്വീകരിക്കുന്നു. എല്ലാ പ്രധാന സ്ഥലങ്ങിലും ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. |
| (സി) | പ്രവർത്തിക്കാത്ത ക്യാമറകൾ കേടുമാറ്റുവാൻ നടപടി സ്വീകരിക്കുമോ; ആർക്കാണ് അതിന്റെ ചുമതല; | (സി) | കേടായ ക്യാമറകൾ നന്നാക്കുവാൻ ആവശ്യമായ തുക ലഭ്യമാക്കുവാൻ കേരള റോഡ് സേഫ്റ്റി അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക |

അനുവദിയ്ക്കുന്ന മുറയ്ക്ക് ഇവ പ്രവർത്തന ക്ഷമമാക്കുന്നതാണ്.പ്രവർത്തിക്കാത്ത ക്യാമറകൾ പ്രവർത്തനസജ്ജമാക്കുവാനുള്ള നടപടികൾ, ക്യാമറകളുടെ കേടുപാടുകൾ തീർക്കുന്നതിനും അതിന്റെ പരിപാലനത്തിന്റെ ചുമതലയുള്ള, കെൽട്രോണിനെ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. ഹൈടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമിന്റെയും ചുമതല കെൽട്രോണിനാണ്.

(ഡി) ട്രാഫിക് സിഗ്നലുകളിൽ ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ; ട്രാഫിക് സിഗ്നലുകളിൽ നിയമം തെറ്റിച്ച് തോന്നിയതു പോലെ വാഹനം നിറുത്തിയിടുന്ന വാഹനങ്ങളുടെ ചിത്രങ്ങൾ വീഡിയോയിൽ പകർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ ജംഗ്ഷനുകളിൽ ക്യാമറകൾ സ്ഥാപിച്ച് സിഗ്നൽ തെറ്റിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. റിക്കോർഡ് ചെയ്യുന്ന വീഡിയോകളിൽ നിന്നും നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ട്രാഫിക് സിഗ്നലുകളിൽ ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ട്രാഫിക് സിഗ്നലുകളിൽ ഗതാഗത തടസ്സം ഉണ്ടാക്കുകയും ആയതിന് നടപടികൾ നേരിടുകയും ചെയ്ത വാഹനങ്ങളുടെ എണ്ണം |
|---|---|
| 2015 | 38009 |
| 2016 | 52555 |
| 2017 (upto April 30) | 17004 |

(ഇ) അപകടങ്ങൾ കുറയ്ക്കുവാൻ ആവശ്യമായ ജാഗ്രതാ സമിതികൾ രൂപീകരിക്കുമോ; ഇതിന് സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ യോഗം വിളിച്ച് കൂട്ടുവാൻ അതാത് പ്രദേശത്തെ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(ഇ) ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ വഴിയും അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ എസ്. എച്ച്.ഒമാരുടെ നേതൃത്വത്തിലും ട്രാഫിക് സേഫ്റ്റി ക്ലബ്ബുകളും ഹൈവേ ജാഗ്രത സമിതികളും മറ്റ് സന്നദ്ധ സംഘടനകൾ എന്നിവ രൂപീകരിച്ച് പൊതുജനങ്ങൾക്ക് ട്രാഫിക് ബോധവൽക്കരണവും മറ്റും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | നഗര പ്രദേശങ്ങളിൽ പ്രധാനമായും ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങളുടെ വിവരം ശേഖരിക്കാറുണ്ടോ; | (എഫ്) | ഉണ്ട്. നഗര പ്രദേശങ്ങളിൽ പ്രധാനമായും ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങളുടെ വിവരം ശേഖരിച്ചും സിഗ്നലുകളിൽ മന:പൂർവ്വമായും അശ്രദ്ധമായും ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങൾക്കെതിരെയും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | സ്വകാര്യ ബസ്സുകൾ യാത്രക്കാർ ഇറങ്ങുന്നതിനും കയറുന്നതിനും മുമ്പ് മുന്നോട്ടെടുക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത്തരത്തിൽ പരാതി ലഭിച്ചാൽ വാഹന ഉടമക്കെതിരെ നടപടികൾ എടുക്കാറുണ്ടോ? | (ജി) | ഉണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്ന റിപ്പോർട്ടാകുന്ന സമയം വാഹനങ്ങളിൽ വാഹന ഉടമ വാഹനമോടിക്കുകയോ, ജീവനക്കാരനായിട്ട് വാഹനത്തിൽ ഉണ്ടെങ്കിലോ, ടിയാനെതിരെ കേസെടുത്ത് നിയമ നടപടികൾ സ്വീകരിക്കും. |

SRDK.

സെക്ഷൻ ഓഫീസർ